ഹൃദേഷ് കൃഷ്ണന് തംബുരു

തിരുവനന്തപുരം

മ്യൂസിക് ആൻഡ് ആർട്സ് ഫൗണ്ടേഷൻ നായകിയുടെ മ്യൂസിക്കൽ കാർണിവലിൽ തംബുരു സ്വന്തമാക്കി ഹൃദേഷ് കൃഷ്ണൻ. വിവിധ സംഗീത മത്സരത്തിൽ കൂടുതൽ പോയിന്റ് നേടിയാണ് സമ്മാനത്തിന് അർഹനായത്. ഇരുനൂറോളം സംഗീതജ്ഞർ പങ്കെടുത്തു. ഗവ. സംഗീത കോളേജിൽ നടന്ന കാർണിവൽ മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു.

മയക്കുമരുന്നുമായി അറസ്റ്റിൽ

തിരുവനന്തപുരം

1.25 ഗ്രാം എംഡിഎംഎയുമായി വിൽപ്പനസംഘത്തെ വലിയതുറ പൊലീസ് പിടികൂടി. ബാലനഗർ പുതുവൽ പുത്തൻവീട്ടിൽ രാജകുമാർ (24), പുതുപുത്തൻവീട്ടിൽ അനൂപ് (25), കൊച്ചുതുറ തോട്ടം സ്വദേശി ഡാനിയേൽ (26) എന്നിവരാണ് പിടിയിലായത്.

വിദേശ ജോലി തട്ടിപ്പ്: പ്രതി പിടിയിൽ

തിരുവനന്തപുരം



അഞ്ജി മോഹിദ്

മലേഷ്യയിലേക്ക് ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പു നടത്തിയ കേസിലെ പ്രതി പിടിയിൽ. പാലക്കാട് വിളയൂർ കോളിയത്ത് ഹൗസിൽ അംഞ്ജി മോഹിദിനെയാണ് വലിയതുറ പൊലീസ് അറസ്റ്റുചെയ്തത്.

ഇയാളെ കോടതിയിൽ ഹാജരാക്കി റിമാൻഡുചെയ്തു. ജോബ് വിസയെന്നുപറഞ്ഞ് വിസിറ്റിങ് വിസ നൽകിയാണ് ആളുകളെ കബളിപ്പിച്ചത്.

ഇവിടെയുണ്ട് നഗരക്കാഴ്ചകളുടെ ക്യാൻവാസുകൾ

ലളിതകലാ അക്കാദമിയിൽ ആരംഭിച്ച ചിത്രപ്രദർശനം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

നഗര വൈവിധ്യത്തിന്റെ വർണക്കാഴ്ചയൊരുക്കി ചിത്രപ്രദർശനം. ശംഖുംമുഖം, ആഴിമല കടൽത്തീരം പത്മനാഭസ്വാമി ക്ഷേത്രം, ഭരണസിരാകേന്ദ്രമായ സെക്രട്ടറിയറ്റ് തുടങ്ങി തലസ്ഥാന നഗരിയുടെ വിവിധ ഭാവങ്ങൾ ക്യാൻവാസിൽ പകർത്തി. വഴുതക്കാട് അലിയൻസ് ഫ്രാങ്കൈസ്ഡിയിൽ നടക്കുന്ന ചിത്രപ്രദർശനം വേറിട്ട കാഴ്ചയൊരുക്കുകയാണ്.

നഗരത്തിന്റെ ചരിത്രവും സംസ്കാരവുമെല്ലാം ചിത്രങ്ങളിലുണ്ട്. രാജ്യാന്തര കൂട്ടായ്മ അർബൻ സ്കെച്ചേഴ്സിന്റെ തിരുവനന്തപുരം ചാപ്റ്ററിലെ 30 പേരുടെ ചിത്രങ്ങളാണ് പ്രദർശനത്തിലുള്ളത്. ചിത്രകല പ്രത്യേകമായി അഭ്യസിക്കാത്തവരുടെ വരകളാണ് ഭൂരിഭാഗമെങ്കിലും നിലവാരത്തിൽ മുന്നിലാണ്. 33 ആഴ്ചയെടുത്ത് നഗരത്തിന്റെ വിവിധയിടങ്ങളിൽ ഒത്തുകൂടി വരച്ച 33 ചിത്രമുൾപ്പെടെ ആകെ 90 ചിത്രവും 20 സ്കെച്ച് ബുക്കുമാണ് പ്രദർശനത്തിനുള്ളത്.

ചിത്രകാരൻ ബി ഡി ദത്തൻ പ്രദർശനം ഉദ്ഘാടനം ചെയ്തു. എ ആർ ജയകൃഷ്ണൻ, ശ്രീലക്ഷ്മി എന്നിവർ സംസാരിച്ചു. പ്രദർശനത്തിന്റെ ഭാഗമായി ആർട്ടിസ്റ്റ് ഹരികുമാറിന്റെ നേതൃത്വത്തിൽ വാട്ടർ കളർ ഡെമോൺസ്ട്രേഷനും നടന്നു. പ്രദർശനം ഞായറാഴ്ച സമാപിക്കും. പകൽ 11 മുതൽ രാത്രി 8 വരെയാണ് സന്ദർശന സമയം.

സംസ്ഥാന നഴ്സസ് കലാകായികമേള

കാരക്കോണം സിഎസ്ഐ കോളേജിന് നേട്ടം

സംസ്ഥാന നഴ്സസ് കലാകായികമേളയിൽ മികച്ച വിജയം നേടിയ നേടിയ കാരക്കോണം സിഎസ്ഐ കോളേജിലെ വിദ്യാർഥികൾ ഡയറക്ടർ ജെ ബെന്നറ്റ് എബ്രഹാമിനോടൊപ്പം

വെള്ളറട

ലോക നഴ്സസ് ദിനത്തോടനുബന്ധിച്ച് സംസ്ഥാന നഴ്സിങ് കൗൺസിൽ തിരുവനന്തപുരത്ത് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലും എ കെ ജി ഹാളിലും നടത്തിയ സംസ്ഥാന കലാകായികമേളയിൽ കാരക്കോണം സിഎസ്ഐ നഴ്സിങ് കോളേജിന് നേട്ടം.

ജീവനക്കാരുടെ വിഭാഗത്തിൽ 193 പോയിന്റ് നേടി രണ്ടും വിദ്യാർഥി വിഭാഗത്തിൽ 125 പോയിന്റോടെ ഒന്നും ജീവനക്കാരുടെ വിഭാഗത്തിൽ 193 പോയിന്റുകളോടെ രണ്ടാം സ്ഥാനവും നേടി. കലാമേളയിൽ കലാതിലകമായി മീരാകൃഷ്ണനും പെൺകുട്ടികളുടെ കായിക മത്സരത്തിൽ ജെ ജെ ഷീനയും ആൺകുട്ടികളുടെ വിഭാഗത്തിൽ എസ് എസ് അസദുള്ളയും വ്യക്തിഗത ചാമ്പ്യന്മാരായി. മത്സര വിജയികൾക്ക് മന്ത്രി വീണാ ജോർജ് ട്രോഫികൾ വിതരണം ചെയ്തു.

പേയാട് പെട്രോൾ പമ്പിലെ ആക്രമണം

പ്രതികളെ പിടികൂടാനെത്തിയ പൊലീസിനെ ഭീഷണിപ്പെടുത്തിയവർ അറസ്റ്റിൽ

വിളപ്പിൽ

പേയാട് പള്ളിമുക്കിലെ പെട്രോൾ പമ്പ് ആക്രമണകേസിലെ പ്രതികളെ ഒളിവിൽ താമസിപ്പിക്കുകയും പിടികൂടാനെത്തിയ പൊലീസിനെ ആയുധംകാട്ടി ഭീഷണിപ്പെടുത്തുകയും ചെയ്ത രണ്ടുപേരെ മലയിൻകീഴ് പൊലീസ് പിടികൂടി. മലയിൻകീഴ് പെരുകാവ് പൊറ്റവിള ഷീജാഭവനിൽ അജിത്ത് (22, റാവുത്തർ), വിളവൂർക്കൽ പേയാട് കുന്നിൽവിള കൈലാസ്ഭവനിൽ വിഷ്ണു (20, കണ്ണാടി വിഷ്ണു) എന്നിവരാണ് പിടിയിലായത്. പേയാട് പള്ളിമുക്ക് റോഡിലെ ശാസ്താ ഫ്യുവൽസ് പമ്പിൽ ആക്രമണം നടത്തിയ കേസിലെ പ്രതികളായ സുധി, മഹാദേവൻ എന്നിവരെ അന്വേഷിച്ച് കഴിഞ്ഞ ദിവസം പുലർച്ചെ ഒന്നോടെയാണ് മലയിൻകീഴ് സിഐ ടി വി ഷിബു, എസ്ഐ രാഹുൽ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം എത്തിയത്.

അജിത്ത്

വിഷ്ണു

അജിത്തും വിഷ്ണുവും പൊലീസിനെ മാരകായുധങ്ങൾ കാട്ടി ഭീഷണിപ്പെടുത്താൻ ശ്രമിച്ചു. ഇവർ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നതിനിടെ അജിത്തിന്റെ വീട്ടിൽ ഒളിവിൽ കഴിഞ്ഞ സുധി ഇറങ്ങി ഓടാൻ ശ്രമിച്ചു. രക്ഷപ്പെടാനുള്ള ശ്രമത്തിനിടെ ഇയാൾക്ക് വീണ് പരിക്കേറ്റു. പരിക്കേറ്റ സുധിയെ പൊലീസ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. ഇയാൾക്ക് കൈയ്ക്കും കാലിനും പൊട്ടലേറ്റിട്ടുണ്ട്. സുധിയുടെ അറസ്റ്റ് ഉടൻ രേഖപ്പെടുത്തും. ഒരാഴ്ച മുമ്പാണ് പമ്പിലെത്തുന്നവർക്ക് കുടിക്കാനുള്ള വെള്ളത്തിന് തണുപ്പ് കുറവാണെന്ന് ആരോപിച്ച് അഞ്ചംഗസംഘം പമ്പിൽ ആക്രമണം നടത്തിയത്.

ഔട്ടർ റിങ് റോഡ് ഭൂമിയേറ്റെടുക്കൽ

വാദം കേൾക്കൽ 18ന് ആരംഭിക്കും

തിരുവനന്തപുരം

ഔട്ടർ റിങ് റോഡ് ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് മാണിക്കൽ, പുല്ലമ്പാറ വില്ലേജുകളിൽ നിന്ന് ഏറ്റെടുക്കേണ്ട ഭൂമിയുടെ ഉടമസ്ഥരുടെ വാദം കേൾക്കൽ 18ന് ആരംഭിക്കും. 18, 19, 20, 22, 23, 24, 25, 26 തീയതികളിൽ കന്യാകുളങ്ങര ഗവ. എൽപി സ്കൂളിലാണ് ഹിയറിങ്.

ആകെ 24.7715 ഹെക്ടറാണ് ഇവിടെ ഏറ്റെടുക്കുന്നത്. റിങ് റോഡിന് ആവശ്യമായ ആകെ ഭൂമിയുടെ 30 ശതമാനം ഏറ്റെടുക്കാൻ വിജ്ഞാപനമായി. കിളിമാനൂർ വില്ലേജിൽനിന്ന് 6.611 ഹെക്ടർ ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം (3 ഡി) കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിച്ചു. ഇതോടെ ആകെ 100.87231 ഹെക്ടറിന്റെ അന്തിമ വിജ്ഞാപനമായി.

ആകെ 295 ഹെക്ടറാണ് ഔട്ടർ റിങ് റോഡിന്റെ രണ്ടു റീച്ചിനായി ഏറ്റെടുക്കേണ്ടത്.

തിരുവനന്തപുരം

കൈരളി
- 2018 (11.15, 2.30, 6.00, 9.15, 11.59)

ശ്രീ
- നെയ്യൂർ (11.00, 6.00, 9.15)
- പൊന്നിയിൻ സെൽവൻ 2 (M) (2.30, 11.59)

നിള
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)

കലാഭവൻ
- 2018 (11.30, 2.30, 6.15, 9.15, 11.59)

ലെനിൻ സിനിമാസ്
- നീലവെളിച്ചം (4.00, 9.00)
- ബി32-44 (11.30)
- EVIL DEAD RISE (2.00, 7.00, 11.30)

അജന്ത
- നെയ്യൂർ (11.15, 2.15, 10.15)
- പൊന്നിയിൻ സെൽവൻ 2 (6.30)

ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്

ഒഡി 1
- 2018 (11.30, 3.00, 6.30, 10.00)

ഒഡി 2
- പൊന്നിയിൻ സെൽവൻ 2 (2.45, 6.30)
- പൊന്നിയിൻ സെൽവൻ 2 (M) (11.15, 2.00, 4.45, 7.45, 10.55)

ഒഡി 3
- ഫർഹാന (11.00, 10.10)
- IB71 (1.45)
- EVIL DEAD (4.15)
- പൊന്നിയിൻ സെൽവൻ 2 (6.30)

ഒഡി 4
- കേരള സ്റ്റോറി (10.15, 1.15, 4.15, 7.30)
- ജാനകി ജാനെ (10.30)

ഒഡി 5
- GUARDIANS OF THE GALAXY (10.15)
- 2018 (1.15, 4.30, 7.45, 11.00)

ഒഡി 6
- ജാനകി ജാനെ (10.00)
- പാച്ചുവും അത്ഭുതവിളക്കും (12.30, 4.00, 7.30, 10.45)

ഇന്നത്തെ പരിപാടി

- **പാളയം സെന്റ് ജോസഫ് സ്കൂൾ** ഓഡിറ്റോറിയം ജില്ലാ ലൈബ്രറി കൗൺസിൽ വികസനോൽസവത്തിൽ കവിയരങ്ങ്. വൈകിട്ട് 4ന്
- **പിഎംജി സ്റ്റുഡന്റ്സ് സെന്റർ** വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് കൈമാറ്റച്ചന്ത. പകൽ 2 മുതൽ
- **വഴുതക്കാട് ശ്രീമൂലം ക്ലബ്ബ്** നമ്മൾ നാടകക്കാർ ഗ്രൂപ്പിന്റെ കുടുംബസംഗമം. രാവിലെ 10ന്
- **നന്തൻകോട് വൈലോപ്പിള്ളി സംസ്കൃതി ഭവൻ** പാദമുദ്രകൾ ആർട്ട് എക്സിബിഷൻ. രാവിലെ 10 മുതൽ
- **കാര്യവട്ടം** എൽഎൻസിപിഇ കരാട്ടേ ടൂർണമെന്റ് സമാപനം. വൈകിട്ട് 5ന്
- **വെള്ളയമ്പലം** ആൽത്തറനഗർ അമ്യൂസിയം ഗ്യാലറിയിൽ കലാപ്രദർശനം. രാവിലെ 10.30 മുതൽ
- **വർക്കല മൈതാനം** കൺവൻഷൻ സെന്റർ എം എസ് സുബ്ബുലക്ഷ്മി ഫൗണ്ടേഷൻ, ശ്രീകൃഷ്ണ നാട്യസംഗീത അക്കാഡമി എന്നിവയുടെ അവാർഡ് വിതരണവും വാർഷികാഘോഷവും. വൈകിട്ട് 5ന്

ബൂത്ത് കൺവൻഷനുകൾക്ക് തുടക്കമായി

എൽഡിഎഫ് ബൂത്ത് കൺവൻഷൻ സിപിഐ എം സംസ്ഥാന കമ്മിറ്റി അംഗം എം വിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു

പേരൂർക്കട

തിരുവനന്തപുരം നഗരസഭാ മുട്ടട വാർഡ് ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്ഥാനാർഥിയുടെ ബൂത്ത് കൺവൻഷനുകൾക്ക് തുടക്കമായി. അഞ്ചാം നമ്പർ ബൂത്ത് കൺവൻഷൻ സിപിഐ എം സംസ്ഥാന കമ്മിറ്റി അംഗം എം വിജയകുമാർ ഉദ്ഘാടനം ചെയ്തു. ബൂത്ത് കൺവീനർ രഘുനാഥൻ അധ്യക്ഷനായി.

സിപിഐ എം ജില്ലാ സെക്രട്ടറിയറ്റ് അംഗം കെ സി വിക്രമൻ, എസ് എസ് രാജലാൽ, എം ജി മീനാംബിക, എൽ ജോസഫ് വിജയൻ, കെ ചന്ദ്രിക, ധനേഷ് കുമാർ, യു എസ് അനീഷ് തുടങ്ങിയവർ പങ്കെടുത്തു.

ഞായർ വൈകിട്ട് ഒന്നാം ബൂത്ത് കൺവൻഷൻ ഡെപ്യൂട്ടി മേയർ പി കെ രാജു, രണ്ടാം ബൂത്ത് കൺവൻഷൻ വി കെ പ്രശാന്ത് എംഎൽഎ, നാലാം ബൂത്ത് കൺവൻഷൻ മേയർ ആര്യ രാജേന്ദ്രൻ തുടങ്ങിയവർ ഉദ്ഘാടനം ചെയ്യും.

വിഴിഞ്ഞത്ത് സിപിഐ എം കോവളം ഏരിയ സെക്രട്ടറി പി എസ് ഹരികുമാറിന്റെ നേതൃത്വത്തിൽ ഗൃഹസന്ദർശനം നടത്തുന്നു

സമ്മർ ക്യാമ്പ്

പാറശാല

തിരുവനന്തപുരം ലൊയോള കോളേജ് ഓഫ് സോഷ്യൽ സയൻസിലെ സാമൂഹ്യ പ്രവർത്തന വകുപ്പിലെ വിദ്യാർഥികളും പൊഴിക്കര ബീച്ച് വാർഡ് കുടുംബശ്രീ എഡിഎസ് ബാലസഭയും ചേർന്ന് സമ്മർ ക്യാമ്പ് തുടങ്ങി.

ചിറക് എന്ന പേരിലുള്ള ക്യാമ്പ് 16 ന് സമാപിക്കും.

മഴക്കാല പൂർവ ശുചീകരണം

വഞ്ചിയൂർ

സിപിഐ എം പേട്ട വാർഡ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മഴക്കാല പൂർവ ശുചീകരണം നടത്തി. പേട്ട മാർക്കറ്റിൽ മന്ത്രി വി ശിവൻകുട്ടി ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. സിപിഐ എം വഞ്ചിയൂർ ഏരിയ സെക്രട്ടറി സി ലെനിൻ, ഏരിയ കമ്മിറ്റി അംഗങ്ങളായ കെ ശ്രീകുമാർ, രാമചന്ദ്രൻ നായർ, ലോക്കൽ സെക്രട്ടറി കെ കൃഷ്ണകുമാർ, വാർഡ് കൗൺസിലർ സി എസ് സുജാദേവി തുടങ്ങിയവർ പങ്കെടുത്തു.

മന്ത്രി വി ശിവൻകുട്ടിയുടെ നേതൃത്വത്തിൽ പേട്ട മാർക്കറ്റിൽ ശുചീകരണം നടത്തുന്നു

സിപിഐ എം ഗൃഹസന്ദർശനം

കോവളം

എൽഡിഎഫ് സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് വിഴിഞ്ഞത്ത് സംഘടിപ്പിക്കുന്ന പൊതുയോഗവുമായി ബന്ധപ്പെട്ട് ഗൃഹസന്ദർശനം ആരംഭിച്ചു. വിഴിഞ്ഞം പ്രദേശത്ത് സിപിഐ എം കോവളം ഏരിയ സെക്രട്ടറി പി എസ് ഹരികുമാറിന്റെ നേതൃത്വത്തിൽ വീടുകൾ സന്ദർശിച്ചു. വിഴിഞ്ഞം ലോക്കൽ സെക്രട്ടറി യു സുധീർ, നിസാർ, സമീർ എന്നിവരും ഒപ്പമുണ്ടായി.

'വികസനത്തിരയിൽ കോവളം' എന്ന പേരിലാണ് വിഴിഞ്ഞത്ത് പൊതുയോഗം സംഘടിപ്പിക്കുന്നത്. 17ന് വൈകിട്ട് അഞ്ചിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

സിബിഎസ്ഇ 12–ാം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ1 നേടിയ എസ് അനഘ (സെന്റ് മേരീസ് സെൻട്രൽ സ്കൂൾ, പൂജപ്പുര)

സിബിഎസ്ഇ പ്ലസ്ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എവൺ നേടിയ ലക്ഷ്മി എസ് നായർ (കേന്ദ്രീയ വിദ്യാലയം, പട്ടം)

വാർഷികാഘോഷം

തിരുവനന്തപുരം

ശ്രീചിത്രഹോം എക്സ് ഇൻമേറ്റ്സ് അസോസിയേഷന്റെ വാർഷികാഘോഷവും അന്തേവാസികളുടെ സംഗമവും മന്ത്രി ആന്റണി രാജു ഉദ്ഘാടനംചെയ്തു. അസോസിയേഷൻ പ്രസിഡന്റ് എൽ സ്വയംപ്രഭ അധ്യക്ഷയായി.

ഹോമിന്റെ മുൻ സൂപ്രണ്ട് കെ സി സുമതി, മുൻ ജീവനക്കാരായ കൃഷ്ണൻകുട്ടി, രവീന്ദ്രൻ, ചന്ദ്രിക, ശാന്ത, നിലവിലെ സൂപ്രണ്ട് വി ബിന്ദു, മുൻ അന്തേവാസികളുടെ മക്കളായ റോഷൻ, ഫുട്ബോൾ താരം ശ്രീക്കുട്ടൻ എന്നിവരെ മന്ത്രി പൊന്നാടയണിയിച്ച് ആദരിച്ചു. ചടങ്ങിൽ പ്രോഗ്രാം കോ–ഓർഡിനേറ്റർ കെ സന്തോഷ്കുമാർ, കെ എസ് ശ്രീദേവി തുടങ്ങിയവരും സംസാരിച്ചു. തുടർന്ന് കലാപരിപാടികളും അരങ്ങേറി.

മുട്ടക്കോഴികൾ വിൽപ്പനയ്ക്ക്

നെയ്യാറ്റിൻകര

കുടപ്പനക്കുന്ന് സർക്കാർ ഫാമിൽ വിരിയിച്ച, പ്രതിരോധ കുത്തിവയ്പ് നടത്തിയ രണ്ട് മാസം പ്രായമായ ഗ്രാമശ്രീ ഇനത്തിലെ മുട്ടക്കോഴികൾ വിൽപ്പനയ്ക്ക്.

തിങ്കൾ പകൽ 12 വരെ പെരുങ്കടവിള മൃഗാശുപത്രിയിലാണ് വിൽപ്പന.

സിപിഐ എം പാളയം ഏരിയയിലെ ചിന്ത വാരികയുടെ വാർഷികവരിസംഖ്യ ഏരിയ സെക്രട്ടറി സി പ്രസന്നകുമാറിൽനിന്നും ജില്ലാ സെക്രട്ടറിയറ്റംഗം സി ജയൻബാബു ഏറ്റുവാങ്ങുന്നു

ചിന്ത വാർഷിക വരിസംഖ്യ ഏറ്റുവാങ്ങി

പാളയം

സിപിഐ എം പാളയം ഏരിയയിലെ ലോക്കൽ കമ്മിറ്റികളിൽ ചേർത്ത ചിന്ത വാരികയുടെ വാർഷിക വരിസംഖ്യ കൈമാറി.

സിപിഐ എം ഏരിയ സെക്രട്ടറി സി പ്രസന്നകുമാറിൽനിന്നും ജില്ലാ സെക്രട്ടറിയറ്റംഗം സി ജയൻബാബു വരിസംഖ്യ ഏറ്റുവാങ്ങി.

ഏരിയ കമ്മിറ്റിയംഗം വഞ്ചിയൂർ പി ബാബു അധ്യക്ഷനായി.

യോഗത്തിൽ ജില്ലാ കമ്മിറ്റിയംഗം ഇ ജി മോഹനൻ, ഏരിയ കമ്മിറ്റിയംഗങ്ങളായ ജി രാധാകൃഷ്ണൻ, എസ് ശശിധരൻ, കെ ആർ മധുസൂദനൻ, എസ് പ്രേമൻ, ജെ പി ജഗദീഷ് എന്നിവർ പങ്കെടുത്തു.

റോഡിൽ ഓയിൽ ചോർന്നു

പത്തോളം ഇരുചക്രവാഹനങ്ങൾ തെന്നിവീണു; നിരവധിപ്പേർക്ക് പരിക്ക്

തിരുവനന്തപുരം

വാഹനത്തിൽനിന്ന് റോഡിൽ ചോർന്ന ഓയിലിൽ ഇരുചക്രവാഹനങ്ങൾ തെന്നിവീണ് നിരവധി യാത്രക്കാർക്ക് പരിക്ക്. പാപ്പനംകോട്–ചൂഴാറ്റുകോട്ട റോഡിൽ ശനി രാത്രി 8.45നായിരുന്നു സംഭവം. 10 ഓളം ഇരുചക്രവാഹനങ്ങൾ തെന്നിവീണു. രാജാജി നഗറിൽനിന്നെത്തിയ അഗ്നിരക്ഷാസേന ഒരു മണിക്കൂറോളം പരിശ്രമിച്ചാണ് ഓയിൽ കഴുകിക്കളഞ്ഞത്.

എന്നാൽ, ഏത് വാഹനത്തിന്റെ ഇന്ധനമാണ് ചോർന്നതെന്ന് കണ്ടെത്താനായില്ല.

പാലിയേറ്റീവ് കെയർ സ്വയംപഠന പദ്ധതി

തിരുവനന്തപുരം

പാലിയം ഇന്ത്യയുടെ ട്രിവാൻഡ്രം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് സയൻസസ് (ഡബ്ല്യുഎച്ച്ഒ കൊളാബറേറ്റിങ് സെന്റർ ഫോർ ട്രെയിനിങ് ആൻഡ് പോളിസി ഓൺ ആക്സസ് ടു പെയിൻ റിലീഫ്) പാലിയേറ്റീവ് കെയർ സ്വയംപഠന പദ്ധതി കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് വിസി ഡോ. മോഹനൻ കുന്നുമ്മൽ ഉദ്ഘാടനം ചെയ്തു.

പാലിയേറ്റീവ് കെയർ നഴ്സിങ് മോഡലിന്റെ പ്രകാശനവും നടന്നു. എം ആർ രാജഗോപാൽ, എം എം സുനീർ കുമാർ എന്നിവർ സംസാരിച്ചു.

സിൽവർ ജൂബിലി ആഘോഷം

തിരുവനന്തപുരം

കൈതമുക്ക് റസിഡൻസ് അസോസിയേഷന്റെ സിൽവർ ജൂബിലി ആഘോഷവും കുടുംബസംഗമവും മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു.

പാതിരിപ്പള്ളി എസ് കൃഷ്ണകുമാരി അധ്യക്ഷയായി. കവി വി മധുസൂദനൻ നായർ, ബി എസ് സുരേഷ്, പി രാജേന്ദ്രൻ നായർ, ആർ ബാലഗോപാൽ, ഡോ. ഇന്ദ്രസേനൻ, കുട്ടൻപിള്ള എന്നിവർ സംസാരിച്ചു.

സ്ത്രീകളെ ആക്രമിക്കുന്നത് പതിവാക്കിയ യുവാവ് പിടിയിൽ

കഴക്കൂട്ടം

രാത്രി ജോലി കഴിഞ്ഞിറങ്ങുന്ന സ്ത്രീകളെ ആക്രമിക്കുന്നത് പതിവാക്കിയ യുവാവ് അറസ്റ്റിൽ. കാച്ചാണി അയണിക്കാട് വിജി ഭവനിൽ വിഷ്ണു(33)വിനെയാണ് തുമ്പ പൊലീസ് പിടികൂടിയത്.

ശനിയാഴ്ച കുളത്തൂർ ഭാഗത്ത് യുവതിയെ കടന്നുപിടിച്ച ഇയാളെ യുവതിയും നാട്ടുകാരും ചേർന്ന് തടഞ്ഞുവച്ച് പൊലീസിന് കൈമാറുകയായിരുന്നു. ഇതിന് ഒരുമണിക്കൂർ മുമ്പ് മറ്റൊരു സ്ത്രീയെ കടന്നുപിടിച്ച ഇയാൾ പൊലീസ് എത്തുംമുമ്പ് രക്ഷപ്പെട്ടിരുന്നു. ഇയാൾക്കെതിരെ സമാനമായ മൂന്ന് കേസുണ്ട്.

ടെക്നോപാർക്കിൽനിന്ന് ജോലി കഴിഞ്ഞിറങ്ങുന്ന സ്ത്രീകളെയാണ് ഇയാൾ പതിവായി കടന്നുപിടിച്ച് ആക്രമിച്ചത്. ഒരു മാസം മുമ്പ് ഇൻഫോസിസിനു മുന്നിൽ ഇത്തരം ആക്രമണം നടത്തിയിരുന്നു. കഴക്കൂട്ടം, ശ്രീകാര്യം സ്റ്റേഷൻ പരിധിയിലും സമാന ആക്രമണം നടത്തി.

വിഷ്ണു

ഡ്രൈവറായ വിഷ്ണു ജോലി കഴിഞ്ഞ് മടങ്ങുമ്പോഴാണ് പതിവായി യുവതികളെ കടന്നു പിടിക്കുന്നത്. പലരും പരാതി പൊലീസിൽ വിളിച്ചറിയിക്കുമെങ്കിലും തുടർ നടപടികൾക്ക് പോകാറില്ല.

തിരിച്ചറിയാതിരിക്കാൻ ബൈക്കിന്റെ നമ്പർ പ്ലേറ്റ് ഇളക്കി തിരിച്ചുവച്ചാണ് ഇയാൾ സഞ്ചരിച്ചിരുന്നത്. സ്ത്രീകളെ കടന്നുപിടിച്ച ശേഷം ഒഴിഞ്ഞ സ്ഥലത്തെത്തി നമ്പർ പ്ലേറ്റ് തിരികെ വച്ചശേഷം രക്ഷപ്പെടുന്നതാണ് രീതി. ഹോണ്ട ഡ്രീം ബൈക്കിലാണ് പ്രതി സഞ്ചരിക്കുന്നതെന്ന് തിരിച്ചറിഞ്ഞ പൊലീസ് ഇത്തരത്തിലുള്ള ബൈക്ക് ഉടമകളുടെ വിലാസം ശേഖരിച്ച് അന്വേഷണം നടത്തുന്നതിനിടെയാണ് ഇയാൾ പിടിയിലായത്.

വഞ്ചിയൂർ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

ചാനൽ സിനിമ

ഏഷ്യാനെറ്റ്
- 9.00 RRR
- 4.30 മലയൻകുഞ്ഞ്
- 10.30 മരക്കാർ – അറബിക്കടലിന്റെ സിംഹം

ഏഷ്യാനെറ്റ് പ്ലസ്
- 5.30 അനന്തഭദ്രം
- 9.00 ഉസ്താദ് ഹോട്ടൽ
- 12.30 സൂഫിയും സുജാതയും
- 3.00 സിംഹാസനം
- 11.00 കുട്ടേട്ടൻ

ഏഷ്യാനെറ്റ് മൂവീസ്
- 7.00 മനസ്സിനക്കരെ
- 10.00 ഒരു തെക്കൻ തല്ലുകേസ്
- 1.00 പുഷ്പ
- 4.00 21 GMS
- 7.00 മിന്നൽമുരളി
- 10.30 പ്രേമം

സൂര്യ
- 8.30 ലൈഫ് ഓഫ് ജോസൂട്ടി
- 12.00 അജഗജാന്തരം
- 2.30 അയ്യപ്പനും കോശിയും

സൂര്യ മൂവീസ്
- 7.00 കഥപറയും പാടങ്ങൾ
- 10.00 സുരറായ് പൊട്രു
- 1.00 ഡയമണ്ട് നെക്ലേസ്
- 4.00 കോഹിനൂർ
- 7.00 ത്രീ കിങ്ങ്സ്
- 10.00 സത്യമേവ ജയതേ

എസിവി
- 9.00 ശങ്കരനും മോഹനനും
- 2.00 കരിങ്കുന്നം സിക്സസ്
- 6.00 തരംഗം